# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6828 — 02.11.2011 - ൽ മറുപടിക്ക്

## വേലാശ്വരം എ.യു.പി.എസ് സർക്കാർ ഏറ്റെടുത്ത നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കാസർകോട് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ സബ് ജില്ലയിലെ വേലാശ്വരം എ.യു.പി.എസ്. സർക്കാർ ഏറ്റെടുത്തത് എന്നാണ് എന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ സബ്ജില്ലയിലെ വേലാശ്വരം എ.യു.പി.സ്കൂൾ 25.04.2008 തീയതിയിലാണ് സർക്കാർ ഉത്തരവ്(എം.എസ്)നം.86/2008/ പൊ.വി.വ. പ്രകാരം സർക്കാർ ഏറ്റെടുത്തത്. |
| (ബി) ഏറ്റെടുക്കലിന്റെ ഭാഗമായി സ്കൂളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത നടപടികൾ പൂർത്തിയാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും. | കാസർകോട് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ സബ് ജില്ലയിലെ വേലാശ്വരം എ.യു.പി. സ്കൂളിലെ ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.